പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1033 — 01.03.2017 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ കളെ മികവുറ്റ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി.രാജേഷ്:<br>ശ്രീ. ആർ. രാജേഷ്:<br>ശ്രീ. എം. മുകേഷ് :<br>ശ്രീ. ബി.സത്യൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ കളിൽ നിന്നു പ്രതിവർഷം പരിശീലനം വിജയകരമായി പൂർത്തിയാക്കിയിറങ്ങുന്ന അരലക്ഷത്തിലധികം തൊഴില ന്വേഷകരിൽ എത്രപേർക്ക് തൊഴിൽ ലഭ്യമാകുന്നുണ്ടെന്ന പരിശോധന സാധ്യമാണോ; | (എ) സംസ്ഥാനത്തെ സർക്കാർ ഐ,ടി.ഐ. കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തി യാക്കിയിറങ്ങുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴില വസരങ്ങൾ ലഭിക്കുന്നതിനുതകുന്ന തരത്തിൽ എല്ലാ ഗവ. ഐ.ടി.ഐ.കളിലും പ്ലേസ്മെന്റ് സെൽ പ്രവർത്തിച്ചുവരുന്നു. പ്ലേസ്മെന്റ് സെൽ മുഖേന ജോലി ലഭിക്കുന്നവരുടെ വിവരങ്ങൾ ലഭ്യമാണ്. എന്നാൽ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ലഭ്യമാകുമോയെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഒരു ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) ഐ.ടി.ഐ കളെ മികവുറ്റ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) ഐ.ടി.ഐ. കളെ മികവുറ്റ പരിശീലന കേന്ദ്രകളാക്കി മാറ്റുന്നതിന് വകുപ്പിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>(a) ഐ,ടി,ഐ, കളെ മികവുറ്റ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ചാക്ക, കോഴിക്കോട് എന്നീ ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. കളായി മാറ്റാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി സംസ്ഥാനത്തെ 10 ഐ.ടി.ഐ. കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡി (KIIFB) - ന്റെ ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. കളാക്കി മാറ്റുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>(b) നിലവിലുള്ള 34 സർക്കാർ ഐ.ടി.ഐ. കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി |

ട്രെയിനികൾക്ക് ഈ പദ്ധതിയിലൂടെ പരിശീലനം നൽകിവരുന്നു.

(c) എല്ലാ ഐ.ടി.ഐ. കളിലും 3D ഇന്ററാക്ടീവ് ടീച്ചിംഗ് എയിഡിലൂടെ ത്രിമാന ദൃശ്യത്തിന്റെ സാദ്ധ്യത, പരിശീലനത്തിനു വേണ്ടി പരമാവധി പ്രയോജനപ്പെടുത്തിവരുന്നു. എഞ്ചിനിയറിംഗ് ഡ്രായിംഗ് എന്ന വിഷയത്തിലും മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഫിറ്റർ, ടർണർ, മെഷീനിസ്റ്റ്, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകളിലുമാണ് ഇത്തരത്തിൽ ക്ലാസ്സുകൾ എടുക്കുവാൻ സാധിക്കുന്നത്.

(d) ഐ.ടി.ഐ. കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും, അതുവഴി തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനുമായി മെ. മാരുതി സുസൂക്കി, മെ. വോക്സ് വാഗൺ, മെ. ടൊയോട്ടകിർലോസ്കർ ലിമിറ്റഡ്, മെ. മഹീന്ദ്രാ & മഹീന്ദ്ര, മെ.സാംസങ്ങ് തുടങ്ങിയ വിവിധ കമ്പനിയുമായി വിവിധ ഐ.ടി.ഐ. കൾ ധാരണാ പത്രത്തിൽ ഏർപ്പെടുകയും പരിശീലനം നടത്തി വരുകയും ചെയ്യുന്നുണ്ട്.

(സി) ഐ.ടി.ഐ കളിലെ വിവിധ ട്രേഡുകൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് എൻ.സി.വി.റ്റി അഫിലിയേഷൻ/ റീ അഫിലിയേഷൻ നേടിയെടുക്കാൻ മുൻ സർക്കാരിന്റെ കാലത്ത് സാധ്യമാകാതെ പോയതു പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

(സി) ഉണ്ട്. ഐ.ടി.ഐ. കളിൽ എൻ.സി.വി.റ്റി അഫിലിയേഷൻ/റീ അഫിലിയേഷൻ നേടിയെടുക്കുന്നതിനായി വിവിധ ട്രേഡുകൾക്കാവശ്യമായ ഉപകരണ സംഭരണം, കെട്ടിട നിർമ്മാണം എന്നിവയ്ക്ക് ഓരോ സാമ്പത്തികവർഷവും ബഡ്ജറ്റിൽ തുക വകയിരുത്തുകയും അതനുസരിച്ച് ടി പ്രവൃത്തികൾ നടത്തിവരികയും ചെയ്യുന്നു. ഒരു സാമ്പത്തിക വർഷത്തിൽ സംഭരിക്കാൻ കഴിയാതെപോകുന്ന ഉപകരണങ്ങൾ തൊട്ടടുത്ത സാമ്പത്തിക വർഷം സംഭരിക്കുന്നതിനും കെട്ടിടനിർമ്മാണത്തിൽ തുക അനുവദിക്കുവാൻ കഴിയാതെ വരുന്ന ഐ.ടി.ഐ. കളിൽ തൊട്ടടുത്ത വർഷം കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം ഐ.ടി.ഐ. കളെ വിവിധ ട്രേഡുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കുന്നതിനായി 300 ലക്ഷം രൂപയും റീ അഫിലിയേഷൻ നേടിയെടുക്കുന്നതിനായി 1303 ലക്ഷം രൂപയും ഈ സാമ്പത്തിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ അഫിലിയേഷൻ/റീ അഫിലിയേഷൻ എന്നിവയ്ക്കായി 1556 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

Bindu

സെക്ഷൻ ഓഫീസർ